ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. DTETVM/9565/2025-ACB1 (ACB) തീയതി: 31-10-2025

**<u>പരിപത്രം</u>**

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം - സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - സംസ്ഥാന സർക്കാർ നടപ്പാക്കുന്ന Connect to Work സ്കോളർഷിപ്പ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ടിട്ടുള്ള മുഖ്യമന്ത്രിയുടെ സന്ദേശം സംസ്ഥാനത്തെ എല്ലാ അർഹരായ വിദ്യാർത്ഥികളിലും പൂർവ വിദ്യാർത്ഥികളിലും SMS ആയി അറിയിക്കുന്നതിനുള്ള നിർദേശം നൽകിക്കൊണ്ട്.

സൂചന:- : ബഹു . ഉന്നത വിദ്യാഭ്യാസവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രിയുടെ 30.10.2025 ലെ 724/PS /2025/M (H Edn &SJ) നം .കുറിപ്പ്

സംസ്ഥാന സർക്കാർ നവംബർ 1 മുതൽ നടപ്പാക്കുന്ന CONNECT TO WORK സ്കോളർഷിപ്പ് പദ്ധതിയിലൂടെ പ്ലസ് ടു/ITI/ ഡിപ്ലോമ/ ഡിഗ്രീ പഠനത്തിന് ശേഷം നൈപുണ്യ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവരോ മൽസര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവരോ ആയ 18-30 വയസ്സിനകത്ത് പ്രായമുള്ള പ്രതിവർഷ വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള യുവതീ യുവാക്കൾക്ക് പ്രതിമാസം ₹1000/- ( ആയിരം രൂപാ മാത്രം ) സ്കോളർഷിപ്പ് 2025 നവംബർ മാസം 1 മുതൽ നൽകുകയാണ് . പ്രസ്തുത പദ്ധതിയെപ്പറ്റിയുള്ള ബഹു . കേരളാ മുഖ്യമന്ത്രിയുടെ സന്ദേശം എല്ലാ വിദ്യാർത്ഥികളിലേക്കും പ്രായ പരിധിയിൽ ഉൾപ്പെടുന്ന പൂർവ വിദ്യാർത്ഥികളിലേക്കും നൈപുണി കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിലേക്കും SMS മുഖേന നൽകണമെന്ന് അറിയിക്കുന്നു.

**SMS ആയി നൽകേണ്ട സന്ദേശം .**

കേരള മുഖ്യമന്ത്രിയുടെ സന്ദേശം .

യുവ സുഹൃത്തേ ,
കേരളാ സർക്കാർ CONNECT TO WORK സ്കോളർഷിപ്പ് പദ്ധതി വഴി പ്ലസ് ടു /ITI/

ഡിപ്ലോമ/ ഡിഗ്രീ പഠനത്തിന് ശേഷം നൈപുണ്യ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവരോ മൽസര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവരോ ആയ 18-30 വയസ്സിനകത്ത് പ്രായമുള്ള, പ്രതിവർഷ വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള യുവതീ യുവാക്കൾക്ക് പ്രതിമാസം ₹1000/- ( ആയിരം രൂപാ മാത്രം ) സ്കോളർഷിപ്പ് 2025 നവംബർ മാസം 1 മുതൽ നൽകുകയാണ് . ഈ പദ്ധതി പ്രയോജനപ്പെടുത്തണമെന്ന് അഭ്യർഥിക്കുന്നു. നിങ്ങളുടെ ജീവിത ഭദ്രതയാണ് ഞങ്ങളുടെ ലക്ഷ്യം.

സ്നേഹപൂർവം ,

പിണറായി വിജയൻ ,
മുഖ്യമന്ത്രി

JAYAPRAKASH P
DIRECTOR

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ എഞ്ചിനീയറിങ് കോളേജ് / പോളിടെക്നിക്ക് കോളേജ്/ഫൈൻ ആർട്സ് കോളേജ് സ്ഥാപനമേധാവികൾ (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സീനിയർ ഫിനാൻസ് ഓഫീസർ , DTE
3. സൂപ്രണ്ട് , പ്ലാനിങ് സെക്ഷൻ , ഡിടിഇ
4. സൂപ്രണ്ട്, ACA സെക്ഷൻ , DTE

**Signed by Jayaprakash P**
**Date: 31-10-2025 14:22:42**